## Online press releases from Directorate, Thiruvananthapuram on 04/02/2013



### ഡിപ്പാര്‍ട്ട്മെന്റ് ടെസ്റ്റുകളില്‍ നിന്നും ഒഴിവാക്കി

പൊതുവിദ്യാഭ്യാസ വകുപ്പില്‍ എയ്ഡഡ് സ്കൂള്‍ ക്ളാര്‍ക്കുമാരെ ഡിപ്പാര്‍ട്ട്മെന്റ് ടെസ്റ്റുകള്‍ പാസാകുന്നതില്‍ നിന്നും ഒഴിവാക്കിക്കൊണ്ട് സര്‍ക്കാര്‍ ഉത്തരവായി. എന്നാല്‍ 2006 ജൂലൈ 29 നുശേഷം നിയമനം ലഭിച്ച എല്ലാ എയ്ഡഡ് വൊക്കേഷണല്‍ ഹയര്‍ സെക്കന്‍ഡറി സ്കൂള്‍ ക്ളാര്‍ക്കുമാരും വൊക്കേഷണല്‍ ഹയര്‍ സെക്കന്‍ഡറി വകുപ്പിലെ ക്ളാര്‍ക്കുമാര്‍ പാസാകേണ്ട എല്ലാ നിര്‍ബന്ധിത ടെസ്റ്റുകളും പാസായിരിക്കണമെന്നും ഉത്തരവില്‍ വ്യക്തമാക്കി. വിശദവിവരങ്ങള്‍ പി.ആര്‍.ഡി വെബ്സൈറ്റില്‍ (www.prd.kerala.gov.in) പി.എന്‍.എക്സ്.797/13